**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4792** **20-07-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യം എത്രയാണെന്നുമുള്ള വിവരം ലഭ്യമാണോ; എങ്കിൽ റോഡുകളുടെ പേരും നീളവും അറിയിക്കാമോ; | (എ) | ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന രണ്ട് റോഡ് പ്രവൃത്തികളാണ് ഉള്ളത്.<br><br>1. ഇംപ്രൂവ്മെന്റ്സ് ടു കണ്ണാടി - പന്നിക്കോട് റോഡ് (കി.മീ 0/000 മുതൽ 10/000 വരെ) ദൈർഘ്യം - 10 കി.മീ ആണ്<br><br>2. മലയോര ഹൈവേ ഇംപ്രൂവ്മെന്റ്സ് ടു കൊല്ലങ്കോട് - വടക്കാഞ്ചേരി റോഡ് (കി.മീ 113/150മുതൽ 128/375 വരെ) ദൈർഘ്യം - 15.225 കി.മീ ആണ്. പ്രസ്തുത റോഡിന്റെ 10.10 കി.മീ ഭാഗം ആലത്തൂർ മണ്ഡലത്തിലൂടെ കടന്നു പോകുന്നു. |
| (ബി) | പ്രസ്തുത റോഡുകളിൽ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യവും അറിയിക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെ കീഴിലുള്ള അറ്റകുറ്റപ്പണി നിരന്തരം ആവശ്യമുള്ള റോഡുകളുടെ വിശദാംങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. Mangalam Dam – Veettikkadavu road km 0/000 to 1/700, ദൈർഘ്യം - 1.7 കി.മീ<br><br>2. Mampad – Poovvathinkalatti road km 3/000 to 6/200, ദൈർഘ്യം - 3.2 കി.മീ<br><br>3. Kunnamkad – Konnakkalkadavu road km 0/000 to 10/000, ദൈർഘ്യം - 10 കി.മീ<br><br>കെ.ആർ.എഫ്.ബി, പി.എം.യു മുഖേന നടപ്പിലാക്കുന്ന റോഡുകൾ ഗതാഗതയോഗ്യമാണ്. |
| (സി) | ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ | (സി) | പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെ |

| | | | |
|---|---|---|---|
| | അടിയന്തരമായി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ? | | കീഴിൽ നിരന്തരം അറ്റകുറ്റപ്പണി നടക്കുന്ന മൂന്ന് റോഡുകളും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നവീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ